**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 919** **12-06-2024 - ൽ മറുപടിയ്ക്ക്**

**ദേവാങ്കണം ചാരു ഹരിതം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം മുകേഷ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കായി വിവിധ ദേവസ്വം ബോർഡുകൾ കഴിഞ്ഞ എട്ട് വർഷത്തിനിടെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ; | (എ) | കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ ജീർണോദ്ധാരണ പ്രവൃത്തികൾക്കായി 2015 മുതൽ നാളിതുവരെ 32,11,97,942/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>2015-16 സാമ്പത്തിക വർഷം ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിച്ച് 1330 ക്ഷേത്രങ്ങൾക്ക് 7 കോടി രൂപ അനുവദിക്കുന്നതിനും, 2017-18 സാമ്പത്തിക വർഷം ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിച്ച് 949 ക്ഷേത്രങ്ങൾക്ക് 8 കോടി രൂപ അനുവദിക്കുന്നതിനും അനുമതി നൽകി സർക്കാർ ഉത്തരവായത് പ്രകാരം മലബാർ ദേവസ്വം ബോർഡ് ജീർണ്ണോദ്ധാരണ ധനസഹായം അനുവദിച്ച് വരുന്നുണ്ട്. കൂടാതെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന കാവുകളും കുളങ്ങളും ആൽത്തറകളും നവീകരിക്കുന്ന പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ എട്ട് വർഷ കാലയളവിൽ 1,48,50,000/- രൂപയും മലബാർ ദേവസ്വം ബോർഡ് അനുവദിച്ചിട്ടുണ്ട്.<br><br>ഗുരുവായൂർ ദേവസ്വത്തിലെ വിവിധ കീഴേടം ക്ഷേത്രങ്ങളിൽ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കായി കഴിഞ്ഞ എട്ട് വർഷത്തിനിടെ 4,88,70,710.73/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഗുരുവായൂർ ദേവസ്വത്തിൽ നിന്നും ഇതര ഹൈന്ദവ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായും വേദപാഠശാലയുടെ പരിപാലനത്തിനുമായി 2016-17 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ 22,89,99,000/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>കൂടൽമാണിക്യം ദേവസ്വത്തിലെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾ ഭക്തജന പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | ദേവാങ്കണം ചാരു ഹരിതം പദ്ധതി ആകെ എത്ര ക്ഷേത്രങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്; | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള എല്ലാ ക്ഷേത്രങ്ങളിലും കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള 408 ക്ഷേത്രങ്ങളിലും മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 681 ക്ഷേത്രങ്ങളിലും കൂടൽമാണിക്യം ക്ഷേത്രത്തിലും 12 കീഴേടങ്ങളിലും ഗുരുവായൂർ ക്ഷേത്രത്തിലും 11 കീഴേടങ്ങളിലും ദേവാങ്കണം ചാരുഹരിതം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി മുഖേന എത്ര കാവുകളും കുളങ്ങളും നവീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള എല്ലാ ക്ഷേത്രങ്ങളിലും കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള 408 ക്ഷേത്രങ്ങളിലും മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 681 ക്ഷേത്രങ്ങളിലും കൂടൽമാണിക്യം ക്ഷേത്രത്തിലും 12 കീഴേടങ്ങളിലും ഗുരുവായൂർ ക്ഷേത്രത്തിലും 11 കീഴേടങ്ങളിലും ദേവാങ്കണം ചാരുഹരിതം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ